LIBRARY ARCHIVES Kerala Legislative Assembly

മദ്യാസക്തിക്കും വിപത്തിനുമെതിരെ ബോധവൽക്കരണം

412 (1858) ശ്രീ. എം. ഉമ്മർ :

ശ്രീ. സി. മോയിൻ കുട്ടി :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ മദ്യനയം നടപ്പാക്കിയ ശേഷം ഉണ്ടായ സാമൂഹ്യ മാറ്റത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതെക്കുറിച്ച് വിശദമാക്കുമോ ;

(ബി) മദ്യാസക്തിക്കും വിപത്തിനുമെതിരെ സമൂഹത്തിൽ വിശിഷ്യാ സ്ത്രീ സമൂഹത്തിൽ വളർന്നു വന്ന വികാരം സജീവമായി നിലനിർത്താനും, മദ്യ ഉപയോഗം പരിപൂർണ്ണമായി നിയന്ത്രിക്കാനും ഉതകും വിധമുള്ള പ്രചാരണ, ബോധവൽക്കരണ പദ്ധതികളെന്തെങ്കിലും സാമൂഹ്യനീതി വകുപ്പ് ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അത്തരമൊരു ബൃഹത് പദ്ധതി ആസൂത്രണം ചെയ്ത് കാര്യക്ഷമമായി നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഇല്ല. സാമൂഹ്യനീതി വകുപ്പ് വഴി ബോധവത്ക്കരണ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടില്ല.

(സി) പരിശോധിക്കാവുന്നതാണ്.

വൃദ്ധജനങ്ങൾക്കായി റീഹാബിലിറ്റേഷൻ സെന്റർ

413 (1859) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടിയിൽ മൂടാടി പഞ്ചായത്തിൽ നന്തി ലൈറ്റ് ഹൗസിനോട് ചേർന്നുള്ള സ്ഥലത്ത് വൃദ്ധജനങ്ങൾക്കായി റിഹാബിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിന് ബഹു. മന്ത്രി സമക്ഷം നൽകിയ അപേക്ഷയിന്മേലുള്ള തുടർനടപടികൾ വിശദമാക്കാമോ ;

(ബി) ഇതുസംബന്ധിച്ച് ജില്ലാ സാമൂഹ്യനീതി ഓഫീസ് ഇതുവരെ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊയിലാണ്ടിയിൽ മൂടാടി പഞ്ചായത്തിൽ നന്തി ലൈറ്റ് ഹൗസിനോട് ചേർന്നുള്ള സ്ഥലത്ത് വൃദ്ധജനങ്ങൾക്കായി റിഹാബിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിന് ബഹു. സാമൂഹ്യനീതി വകുപ്പുമന്ത്രിയ്ക്ക് നൽകിയ അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതിനായി ബഹു. ശ്രീ. കെ. ദാസൻ എം.എൽ.എ.-യുമായി ചർച്ച ചെയ്യുവാനും ലൈറ്റ് ഹൗസ് സ്ഥിതി ചെയ്യുന്ന സ്ഥലം വകുപ്പിനുലഭിക്കുന്നതിനായുള്ള അപേക്ഷ ലാന്റ് ട്രാൻസ്ഫറിനുള്ള നിശ്ചിത അപേക്ഷാഫാറത്തിൽ സ്കെച്ചും പ്ലാനും ഉള്ളടക്കം ചെയ്ത് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലാ സാമൂഹ്യനീതി ഓഫീസർ, ഈ വിഷയം ശ്രീ. കെ. ദാസൻ എം.എൽ.എ.-യുമായി ചർച്ച ചെയ്യുകയും ഭൂമിയുടെ സ്കെച്ചും പ്ലാനും തയ്യാറാക്കി നൽകുവാൻ മൂടാടി വില്ലേജ് ആഫീസറോട് ആവശ്യപ്പെടുകയും ചെയ്തിട്ടുള്ള വിവരം സാമൂഹ്യനീതി ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

വൃദ്ധമാതാപിതാക്കളുടെ സംരക്ഷണം - ബോധവൽക്കരണ നടപടികൾ

414 (1860) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൃദ്ധമാതാപിതാക്കളെ മക്കൾ സംരക്ഷിക്കാതെ വഴിയിലോ ഗുരുവായൂർ പോലുള്ള അമ്പലനടകളിലോ ഉപേക്ഷിക്കുന്ന സംഭവങ്ങൾ ഈ അടുത്ത കാലത്ത് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാതാപിതാക്കളെ സംരക്ഷിക്കാൻ തയ്യാറാകാത്ത മക്കളുടെ പേരിൽ എന്തൊക്കെ നിയമ നടപടികളാണ് എടുക്കാൻ കഴിയുക ; വിശദാംശം വ്യക്തമാക്കുമോ ;

(സി) വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കേണ്ട നിയമപരവും ധാർമ്മികവുമായ ബാദ്ധ്യത മക്കളെ ബോദ്ധ്യപ്പെടുത്തുന്നതിന് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച നിയമം 2007 വകുപ്പ് 24 അനുസരിച്ച് മുതിർന്ന പൗരന്മാരെ പരിചരിച്ചിരുന്ന അല്ലെങ്കിൽ സംരക്ഷിച്ചിരുന്ന ആൾ ആരുതന്നെയായാലും, പൂർണ്ണമായും